## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *15 | 03.02.2020 ൽ മറുപടിയ്ക്ക് |
|---|---|
| **സ്ത്രീ സുരക്ഷ** | |
| ചോദ്യം | മറുപടി |
| **ശ്രീമതി യു. പ്രതിഭ**<br>**ശ്രീ.കെ. ആൻസലൻ**<br>**,, യു. ആർ. പ്രദീപ്**<br>**,, ബി.സത്യൻ** | **കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) വലിയ നഗരങ്ങളിൽ പോലും സ്ത്രീകൾക്ക് രാത്രിയിൽ ഒറ്റയ്ക്ക് സഞ്ചരിക്കാൻ കഴിയാത്ത വിധത്തിലുള്ള സാമൂഹ്യ സാഹചര്യം മാറ്റിയെടുക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കാമ്പയിന്റെ ഭാഗമായി സ്ത്രീകളുടെ രാത്രി നടത്തം പോലുള്ള പ്രചരണ പ്രവർത്തനങ്ങൾ വിപുലമാക്കാൻ പരിപാടിയുണ്ടോ; | (എ) സ്ത്രീകൾക്ക് രാത്രിയിൽ ഒറ്റയ്ക്ക് നടക്കാൻ കഴിയാത്ത വിധത്തിലുള്ള സാമൂഹ്യ സാഹചര്യം മാറ്റിയെടുക്കുന്നതിലേയ്ക്കായി രാത്രി നടത്തം പോലുള്ള പ്രചാരണ പ്രവർത്തനങ്ങൾ വിപുലമാക്കുവാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. 'പൊതുയിടം എന്റേതും' എന്ന പേരിൽ എല്ലാ ജില്ലകളിലും രാത്രിയാത്രകൾ സംഘടിപ്പിച്ചിട്ടുണ്ട്. തുടർന്നും പഞ്ചായത്ത്, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻതലങ്ങളിൽ മുൻകൂട്ടി അറിയിക്കാതെയുള്ള രാത്രി യാത്രകൾ സംഘടിപ്പിച്ചുവരുന്നു. |
| (ബി) വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള 'കൈത്താങ്ങ്' പദ്ധതി ഫലപ്രദമാക്കാൻ വനിത - ശിശു വികസന വകുപ്പിന് മുൻകയ്യെടുക്കാൻ സാധിക്കുമോ; | (ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിനായി വകുപ്പ് ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് 'കൈത്താങ്ങ്'. ഈ പദ്ധതി വകുപ്പ് ഫലപ്രദമായി നടപ്പിലാക്കി വരുന്നു. |
| (സി) ലിംഗ നീതിക്ക് വേണ്ടി പ്രവർത്തിക്കുന്ന 'ജെൻഡർ പാർക്ക്' സംവിധാനം ശക്തിപ്പെടുത്തുവാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ; | (സി) ലിംഗസമത്വത്തിനും സ്ത്രീ ശാക്തീകരണത്തിനും ഊടക്കം കുറിയ്ക്കാൻ കേരളത്തിലെ വനിതാ ശിശു വികസന വകുപ്പിന്റെ കീഴിലുള്ള സംരംഭമാണ് ജെന്റർ പാർക്ക്. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ജെന്റർ പാർക്കിന്റെ പ്രധാന ക്യാമ്പസ് സജ്ജീകരിച്ചിരിക്കുന്നത് കോഴിക്കോടാണ്. |

| | |
|---|---|
| | ലിംഗനയം, ഗവേഷണം, വിദ്യാഭ്യാസം, സാമൂഹിക സംരംഭങ്ങൾ എന്നിവ സംയോജിപ്പിക്കുന്ന ഒരു വേദിയായാണ് ജെന്റർ പാർക്ക് ഒരുക്കിയിരിക്കുന്നത്.<br>വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജെന്റർ പാർക്കിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ കോഴിക്കോട് വെള്ളിമാട്കുന്നിൽ നടന്നു വരുന്നു. കെട്ടിടങ്ങളുടെ പണി 90% നു മുകളിൽ പൂർത്തീകരിച്ചു. ജെന്റർ പാർക്കിനു വേണ്ടി നിർമ്മിക്കുന്ന കെട്ടിടത്തിൽ ജെന്റർ ലൈബ്രറിയും ജെന്റർ മ്യൂസിയവും സ്ഥാപിക്കുന്നതിന് നടപടി എടുത്തുവരുന്നു.<br>ജെന്ററുമായി ബന്ധപ്പെട്ട് ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങൾ, ജേർണലുകൾ, ഓൺലൈൻ പ്രസിദ്ധീകരണങ്ങൾ എന്നിവ ലൈബ്രറിയിൽ ലഭ്യമാകും. സ്കൂൾ കോളേജ് വിദ്യാർത്ഥികൾ , ഗവേഷണ വിദ്യാർത്ഥികൾ എന്നിവർക്ക് പ്രസ്തുത ലൈബ്രറി പ്രയോജനപ്പെടുത്താൻ സൗകര്യമൊരുക്കും. ലിംഗ പഠനവും, ചരിത്രവുമായി ബന്ധപ്പെട്ട വ്യക്തിഗത രചനകൾ, കൈയ്യെഴുത്തു പ്രതികൾ എന്നിവ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിന് സൗകര്യമൊരുക്കും. ജെന്റർ അവബോധം സൃഷ്ടിക്കുക, ജെന്റർ പഠനം ശക്തിപ്പെടുത്തുക, വായനാശീലം വളർത്തുക എന്നിവയും ലൈബ്രറിയുടെ ലക്ഷ്യങ്ങളാണ്.<br>കേരളത്തിന്റെ ചരിത്രം, വനിതാ നവോത്ഥാന പ്രസ്ഥാനങ്ങൾ, പ്രവർത്തനങ്ങൾ, വനിതാ സ്വാതന്ത്ര്യത്തിനും സമത്വത്തിനും വേണ്ടി നടന്ന വിപ്ലവങ്ങൾ, പോരാട്ടങ്ങൾ, ചരിത്രാതീതകാലം മുതൽ സ്ത്രീ സമൂഹത്തിനുണ്ടായ പരിണാമത്തിന്റെ വിവിധഘട്ടങ്ങൾ, വനിതാശാക്തീകരണ |

ത്തിനായി നടത്തിയ പോരാട്ടങ്ങൾ എന്നിവ ഗ്യാലറികളായി ഉൾക്കൊള്ളുന്ന ആധുനിക സൗകര്യങ്ങളോടുകൂടിയ ജെന്റർ മ്യൂസിയമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ആധുനിക വിഷ്വൽ സാങ്കേതിക വിദ്യകൾ മ്യൂസിയത്തിൽ പരമാവധി ഉൾപ്പെടുത്തി ആകർഷകമാക്കുവാനും, ചരിത്രവിദ്യാർത്ഥികൾ, സാമൂഹ്യശാസ്ത്ര പഠിതാക്കൾ, ഗവേഷണ വിദ്യാർത്ഥികൾ എന്നിവർക്കും പൊതുസമൂഹത്തിനും പ്രസ്തുത ജെന്റർ മ്യൂസിയം ഉപയോഗപ്രദമാക്കുവാനും ഉദ്ദേശിക്കുന്നു.

**ഷീ-ടാക്സി**

ഇപ്പോൾ നിലവിലുള്ള ഷീടാക്സി പദ്ധതി കൂടുതൽ വനിതാ സംരംഭകരെ ഉൾപ്പെടുത്തി ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ കാലോചിതമായി പരിഷ്കരിച്ച് ശക്തിപ്പെടുത്താനും സംസ്ഥാനത്ത് മുഴുവൻ സ്ഥലങ്ങളിലേക്കും വ്യാപിപ്പിക്കുവാനും ഉദ്ദേശമുണ്ട്.

ജെന്റർ പാർക്ക് സംവിധാനം ശക്തിപ്പെടുത്തുവാൻ ചുവടെ ചേർക്കുന്ന പദ്ധതികൾ കൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

- **യു. എൻ വിമനുമായുള്ള പങ്കാളിത്തം**

ഐക്യരാഷ്ട്ര സഭയുടെ കീഴിലുള്ള യു.എൻ വിമൻ ജെന്റർ പാർക്കുമായി തുല്യ പങ്കാളിത്തത്തിൽ പ്രവർത്തിക്കാൻ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. യു.എൻ വിമനുമായി സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കുവാൻ ധാരണാപത്രം ഒപ്പിടുവാൻ നടപടിയെടുത്തു വരുന്നു. യു.എൻ വിമനുമായുള്ള പങ്കാളിത്തം ജെന്റർ പാർക്കിന്റെ പ്രവർത്തനങ്ങളെ

അന്താരാഷ്ട്ര തലത്തിലേക്ക് വ്യാപിപ്പിക്കാൻ സഹായിക്കുകയും ജെൻഡർ പാർക്കിനെ ഒരു സൗത്ത് ഏഷ്യൻ ഹബ്ബാക്കി മാറ്റുകയും ചെയ്യും.

- **ടാലന്റ് നർച്ചറിംഗ് പ്രോഗ്രാം**

സ്ത്രീകൾക്കും ട്രാൻസ്ജെൻഡേഴ്സിനും തൊഴില വസരങ്ങൾ സൃഷ്ടിക്കുന്ന നൈപുണ്യ വികസന പരിശീലനങ്ങൾ നടത്തുന്നതാണ്. നിലവിൽ പുരുഷൻമാർ മാത്രം ചെയ്തു വരുന്ന ടൂ/ത്രീ വീലർ ടെക്നീഷ്യൻ, മൊബൈൽ ടെക്നീഷ്യൻ എന്നീ രംഗങ്ങളിൽ സ്ത്രീകളെ കൂടി പ്രാപ്തരാക്കാൻ ഈ പരിശീലനങ്ങൾ ഉതകുന്നതാണ്. വയോജന പരിപാലനം, സംരംഭകത്വ പരിശീലനം എന്നിവയും ഈ പദ്ധതിയിൽ നടക്കുന്നതാണ്.

- **അന്താരാഷ്ട്ര വനിതാ വ്യാപാര കേന്ദ്രം** (International Women's Research & Trade Centre - **iWTC**)

ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിരവികസന ലക്ഷ്യ ങ്ങൾക്ക് (Sustainable Development Goals) അനു യോജ്യമായി കോഴിക്കോട് ക്യാമ്പസിൽ അന്താ രാഷ്ട്ര വനിതാ വാണിജ്യ-ഗവേഷണ വ്യാപാര കേന്ദ്രം തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ട്. വനിതകൾക്ക് സുരക്ഷിതമായി സംരഭകത്വ ശേഷി വികസിപ്പിക്കു ന്നതിനും സ്വന്തമായി ബിസിനസുകൾ ആരംഭിക്കു ന്നതിനും വിപുലപ്പെടുത്തുന്നതിനും അവരുടെ ഉത്പ്പന്നങ്ങൾക്ക് ആഗോളതലത്തിൽ വിപണിയൊരു ക്കുന്നതിനും ഇത് വേദിയൊരുക്കും.

- **വിമൻ ഇൻ സസ്റ്റയിനബിൾ എന്റർപ്രണർഷിപ്പ്** (Women in Sustainable

| | |
|---|---|
| | Entrepreneurship-**WiSE**)<br>പഠനഗവേഷണ കേന്ദ്രത്തിന്റെ ഭാഗമായി **വിമൻ ഇൻ സസ്റ്റയിനബിൾ എന്റർപ്രണർഷിപ്പ് (WiSE)** ഫെല്ലോഷിപ്പ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിൽ ഒരു അന്താരാഷ്ട്ര സർവ്വകലാശാലയും ഒരു ഇന്ത്യൻ സർവ്വകലാശാലയും യു. എൻ. വിമെനുമായി സഹകരിച്ചുകൊണ്ട് ലിംഗസമത്വം, തുല്യപ്രവൃത്തികേന്ദ്രങ്ങൾ, കാലാവസ്ഥാ പ്രതിസന്ധി എന്നിവയിൽ ഊന്നൽ കൊടുക്കുന്നതിന് ഫെല്ലോഷിപ്പ് നൽകാൻ ഉദ്ദേശിക്കുന്നു.<br><br>• **ഇന്റർനാഷണൽ കോൺഫറൻസ് ഓൺ ജെന്റർ ഇക്വാളിറ്റി** II (International Conference on Gender Equality **-ICGE-II**)<br><br>2020-ൽ ലിംഗസമത്വം സംബന്ധിച്ച് രണ്ടാം അന്താരാഷ്ട്രസമ്മേളനം വിളിച്ചു ചേർക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതുവഴി ജെന്റർ പാർക്കിന്റെ കോഴിക്കോട് കേന്ദ്രത്തെ ഒരു കൺവേർജന്റ് സെന്ററായും ലിംഗസമത്വം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ദക്ഷിണേഷ്യൻ ഹബ്ബാക്കി മാറ്റാനും സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) തൊഴിലിടങ്ങളിൽ, വിശേഷിച്ച് ഐ.ടി.പോലുള്ള ആധുനിക തൊഴിൽ മേഖലകളിൽ സ്ത്രീകൾ നേരിടുന്ന സുരക്ഷാ പ്രശ്നങ്ങളും മറ്റു പ്രശ്നങ്ങളും പരിഹരിക്കാൻ വേണ്ട ഇടപെടൽ നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷാ പ്രശ്നങ്ങളും മറ്റു പ്രശ്നങ്ങളും പരിഹരിക്കുന്നതിലേയ്ക്കായി വകുപ്പ് ഇടപെടൽ നടത്തുന്നുണ്ട്.<br>13.08.18 ലെ സ.ഉ(സാധാ) നം. 489/2018/സാനീവ പ്രകാരം തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്ന നിയമം നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി |

| | |
|---|---|
| | വനിത ശിശു വികസന ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം എല്ലാ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിലും കീഴ് കാര്യാലയങ്ങളിലും പ്രസ്തുത നിയമം അനുസരിച്ചുള്ള ഇന്റേണൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള അറിയിപ്പ് നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലാ കളക്ടർമാരെയും ഈ നിയമത്തിൻ കീഴിലുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി ജില്ലാ ഓഫീസർമാരായി സർക്കാർ നിയമിച്ചിട്ടുണ്ട്. ടി നിയമപ്രകാരമുള്ള പരാതി ലഭ്യമാകുന്ന മുറയ്ക്ക് 7 ദിവസത്തിനുള്ളിൽ ലോക്കൽ കമ്മിറ്റിയ്ക്ക് അയച്ചു കൊടുക്കുന്നതിനായി വകുപ്പിലെ 258 ശിശു വികസന പദ്ധതി ഓഫീസർമാരെയും നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്.<br><br>കൂടാതെ SHWW Act (Sexual Harassment of Women at Workplace Act) സംബന്ധിച്ചുള്ള പരാതികൾ ഓൺലൈൻ ആയി ഫയൽ ചെയ്യുന്നതിനുള്ള She Box എന്ന ഓൺലൈൻ പോർട്ടൽ കേരളവും നടപ്പാക്കുന്നുണ്ട്. ടി പോർട്ടലിന്റെ സ്റ്റേറ്റ് നോഡൽ ഓഫീസറായി വകുപ്പിലെ ജോയിന്റ് ഡയറക്ടറെ നിയമിച്ചിട്ടുണ്ട്. ഓൺലൈൻ പരാതികൾ പരിശോധിക്കുന്നതിനായി 14 ജില്ലകളിലെയും പ്രോഗ്രാം ഓഫീസർമാരെ ഡിസ്ട്രിക്ട് നോഡൽ ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്.<br><br>ഐ.ടി പോലുള്ള ആധുനിക തൊഴിൽ മേഖലകളിൽ ക്രഷ് സംവിധാനം ഉണ്ടാകേണ്ടതുണ്ട്. |

| | |
|---|---|
| | ക്രഷ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നാഷണൽ മിനിമം ഗൈഡ് ലൈൻ പ്രകാരം അമ്പതോ അതിൽ കൂടുതലോ ജീവനക്കാരുള്ള എല്ലാ സ്ഥാപനങ്ങളിലും ഒരു ക്രഷ് ഉണ്ടാകണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. അതിൻ പ്രകാരം സംസ്ഥാനത്ത് സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ കുഞ്ഞുങ്ങളെ പകൽ സമയങ്ങളിൽ സുരക്ഷിതമായി പരിചരിക്കുക എന്ന ലക്ഷ്യത്തോടെ 2017-18 മുതൽ 11 ജില്ലകളിൽ മൊബൈൽ ക്രഷിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വകുപ്പ് മുഖേന 14 ജില്ലാ ആസ്ഥാനങ്ങളിൽ / പൊതു സ്ഥലത്ത് ബ്രെസ്റ്റ് ഫീഡിംഗ് പോഡ് സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

Seena

സെക്ഷൻ ഓഫീസർ